**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2410** **07.10.2016 ൽ മറുപടിയ്ക്ക്**

**പച്ചത്തേങ്ങ സംഭരണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി)** |
| (എ) കടക്കെണിയിലായ കർഷകരെ രക്ഷിക്കാൻ പച്ചത്തേങ്ങ സംഭരണത്തിന് എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) പൊതുകമ്പോള വിലയേക്കാൾ ഉയർന്ന നിരക്കായ കിലോയ്ക്ക് 25 രൂപ നിരക്കിൽ താങ്ങുവില നിശ്ചയിച്ച് തിരഞ്ഞെടുക്കപ്പെട്ട 387 കൃഷി ഭവനുകൾ വഴി കൃഷി വകുപ്പും, കേരഫെഡും സംയുക്തമായി കർഷകരിൽ നിന്നും പച്ചത്തേങ്ങ നേരിട്ട് സംഭരിച്ചു വരുന്നു. കണക്കുകൾ പ്രകാരം മൊത്തം സംഭരണത്തിന്റെ 35 ശതമാനവും നടപ്പു സാമ്പത്തിക വർഷമാണ് സംഭരിച്ചിട്ടുള്ളത് . പദ്ധതി മൂലം കർഷകർക്ക് ന്യായമായ വില ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊതു കമ്പോളത്തിൽ ലഭ്യമായ വിലയേക്കാൾ ഉയർന്ന നിരക്കിൽ സർക്കാർ തേങ്ങ സംഭരിക്കുന്നതിനാൽ വിലയിടിവ് പിടിച്ച് നിർത്തുവാൻ ഒരു അളവ് വരെ സാധിച്ചിട്ടുണ്ട്. സംഭരിക്കുന്ന നാളികേരത്തിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. പച്ചത്തേങ്ങ സംഭരണം കൂടുതൽ കൃഷി ഭവനുകളിലേയ്ക്ക് വ്യാപിപ്പിച്ച് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കാനാണ് ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**